ഉത്തരം

(എ) സംസ്ഥാനത്തെ ത്രിവേണി സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായതുമൂലം ചില നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണനിയമ ഭേദഗതി

93 (4084) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഫെബ്രുവരിയിലെ സഹകരണ നിയമ ഭേദഗതിക്കനുസൃതമായി സഹകരണചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ ഭേദഗതികളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ബി) ഇൻകം ടാക്സ് വകുപ്പുദ്യോഗസ്ഥർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്; ഇത്തരം വിവര ശേഖരണത്തിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കിന്റെ എസ്.എൽ.ആർ.-ന് ഇനിമേൽ പരിഗണിക്കില്ലെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും 2015 മാർച്ച് 31-ഓടെ 7% C.R.R സൂക്ഷിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംസ്ഥാന/ജില്ലാ ബാങ്കുകളെ പ്രതികൂലമായി ബാധിക്കുന്നതു തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, കാർഷികവായ്പാ സഹകരണസംഘങ്ങൾ എന്നിവയുടെ നിക്ഷേപ-വായ്പാ അനുപാതം 2014 മാർച്ച് 31-ന് എത്രയാണ്; വായ്പയുടെ പലിശനിരക്ക് ഉയർത്തിയത് ഈ അനുപാതത്തെ സ്വാധീനിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ, വായ്പയുടെ പലിശനിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 ഫെബ്രുവരിയിൽ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. 2014 വർഷത്തിൽ ജൂൺ മാസത്തിൽ സഹകരണ നിയമം ഭേദഗതി വരുത്തിയിട്ടുണ്ട്. കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2014 (Act 24 of 2014). 24-6-2014-ലെ 24144/ലെജി.എച്ച്2/2013/ലോ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 24-6-2014-ലെ 1601 നമ്പർ സർക്കാർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി. നിയമപ്രകാരമുള്ള ചട്ടങ്ങൾക്കുള്ള കരട് വിജ്ഞാപനം തയ്യാറാക്കി വരുന്നു. 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (Act 8 of 2013) അനുസരിച്ചിട്ടുള്ള സഹകരണ ചട്ടം ഭേദഗതിയുടെ കരട് വിജ്ഞാപനം 14-2-2014-ലെ 365/2012/സഹ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25-2-2014-ലെ അസാധാരണ ഗസറ്റ് നമ്പർ 728-ൽ പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം 25-11-2014-ലെ ജി.ഒ.(പി)നമ്പർ 142/2014/കോ-ഓപ് നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 26-11-2014-ലെ അസാധാരണ ഗസറ്റ് നമ്പർ 2867 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ടി ചട്ടങ്ങൾ 26-11-2014-ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ഇൻകം ടാക്സ് വകുപ്പ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/2013 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി.3976/2010) തീർപ്പാക്കി 27-8-2013-ൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133 (6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതിവകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രിക്കും ബഹു. പ്രധാനമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്.

(സി) റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ 5-6-2014-ലെ സർക്കുലർ നിർദ്ദേശപ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം 2015 മാർച്ച് 13-ന മുമ്പ് 5 ശതമാനവും 31-3-2016-നകം 10 ശതമാനവും ബാക്കി തുക 2017 മാർച്ചിന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന് സഹകരണ ബാങ്കുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

എസ്.എൽ.ആർ. നിക്ഷേപ നിരക്ക് 25 ശതമാനത്തിൽ നിന്ന് 22.5 ശതമാനമായി കുറച്ചതുവഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് എസ്.എൽ.ആർ. നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാൻ സാദ്ധ്യതയുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടിവരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ഇക പിൻവലിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരണമായി ബാധിക്കാനുമിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള എസ്.എൽ.ആർ. നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ. ആയത് വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് നഷ്ടം സംഭവിക്കാൻ ഇടയുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും 2015 മാർച്ച് 31 ഓടെ 7 ശതമാനം മൂലധന പര്യാപ്തത (CRAR) സൂക്ഷിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം മൂലധന പര്യാപ്തത കൈവരിക്കേണ്ടതാണ്. ടി വ്യവസ്ഥ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സംസ്ഥാന സഹകരണ ബാങ്ക് സി.ഡി. റേഷ്യോ 35.04 ശതമാനവും ജില്ലാ സഹകരണ ബാങ്ക് 68.46 ശതമാനവും അർബൻ ബാങ്കുകളുടേത് 62.07 ശതമാനവുമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് അതാത് ജില്ലയിലെ സാഹചര്യങ്ങൾക്കനുസൃതമായി വ്യത്യസ്തമായ നിക്ഷേപ വായ്പാ അനുപാതമാണ് നിലവിലുള്ളത്. ചില സഹകരണ സംഘങ്ങൾ അംഗങ്ങളിൽനിന്ന് സ്വീകരിക്കുന്ന നിക്ഷേപത്തിന് പുറമെ ധനസഹായ ബാങ്കിൽനിന്നും വായ്പവാങ്ങി വായ്പ നൽകുന്നുണ്ട്. ഇത്തരം സഹകരണ സംഘങ്ങളുടെ നിക്ഷേപ വായ്പാനുപാതം ഉയർന്നിരിക്കും. ഇപ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ശരാശരി വായ്പാ നിക്ഷേപ അനുപാതം 96 ശതമാനമാണ്. വായ്പയുടെ പലിശ നിരക്ക് രജിസ്ട്രാറുടെ 30-5-2014-ലെ 23/14 സർക്കുലർ പ്രകാരം കുറച്ചിട്ടുണ്ട്. ആയത് നിക്ഷേപ വായ്പാ അനുപാതത്തെ സ്വാധീനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.